പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 1756 — 04/10/2016 ൽ മറുപടിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി.കൃഷ്ണൻ** | | ഡോ. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| എ) | കയർ സഹകരണ സംഘം സെക്രട്ടറിമാർക്ക് നിലവിൽ ലഭിച്ചുവരുന്ന കുറഞ്ഞ ശമ്പളം എത്രയാണെന്ന് വിശദമാക്കാമോ ? | എ) | സർക്കാർ ഉത്തരവ്(കൈ)139/2002/വ്യവ തീയതി 23.11.2012 പ്രകാരം (അനുബന്ധമായി ചേർത്തിരിക്കുന്നു) സെക്രട്ടറിമാരുടെ ശമ്പളം താഴെ പറയുന്ന വിധം നിശ്ചയിച്ചിട്ടുണ്ട്. |

| ഗ്രേഡ് | പ്രൊഡക്ഷൻ | ശമ്പളസ്കെയിൽ |
|---|---|---|
| എ ഗ്രേഡ് | 901 ക്വിന്റലിന് മുകളിൽ | 8080-12590 |
| ബി ഗ്രേഡ് | 501 മുതൽ 900 ക്വിന്റൽ | 5850-9810 |
| സി ഗ്രേഡ് | 301 മുതൽ 500 ക്വിന്റൽ | 5250-8540 |
| ഡി ഗ്രേഡ് | 201 മുതൽ 300 ക്വിന്റൽ | 4750-7850 |
| ഇ ഗ്രേഡ് | 101 മുതൽ 200 ക്വിന്റൽ | 4660-6750 |
| | 100 ക്വിൻലിൽ കുറവ് | 4500 |

| | | | |
|---|---|---|---|
| ബി) | ഇത് വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ് - കയർ വികസനം - കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (ഇ) വകുപ്പ്

സ.ഉ (കൈ) നം. 139 /2012/വ്യവ. തീയതി, തിരുവനന്തപുരം, 23.11. 2012

പരാമർശം: 1) സർക്കാർ ഉത്തരവ്(സാധാ)1518/2011/വ്യവ തീയതി 3.12.2011.

2) കേരളത്തിലെ കയർ വ്യവസായ സഹകരണ സംഘങ്ങളിലെ ശമ്പള പരിഷ്കരണ കമ്മിറ്റി റിപ്പോർട്ട്.

## ഉത്തരവ്

കയർ സഹകരണ സംഘം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിശോധിച്ച് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി കയർ സഹകരണ സംഘം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിശോധിച്ച് ശുപാർശകൾ സഹിതം വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചു. കയർ വ്യവസായ സഹകരണ സംഘം (കയർപിരി സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ് /ചെറുകിട ഉൽപാദക സഹകരണ സംഘങ്ങൾ, ചകിരി/തൊണ്ട് സഹകരണ സംഘങ്ങൾ) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പരിഷ്കരിച്ച വ്യവസ്ഥകൾ ഇതോടൊപ്പം അനുബന്ധം ചെയ്യുന്നു. പരിഷ്കരണത്തിന് ഉത്തരവുതീയതിമുതൽ 5 വർഷത്തേക്കോ പുതിയ ഒരു പരിഷ്കരണം വരുന്നതുവരെയോ പ്രാബല്യമുണ്ടായിരിക്കും. ശമ്പള പരിഷ്കരണത്തിന് വേണ്ടി വരുന്ന തുക അതാത് സഹകരണ സംഘങ്ങൾ അവരവരുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

റാണി ജോർജ്

സെക്രട്ടറി

കയർ വികസന ഡയറക്ടർ, തിരുവനന്തപുരം.

അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

സബ്ട്രഷറി ഓഫീസർ, സബ്ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sd/-

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ജീവനക്കാരുടെ നിയമനം അംഗീകാരം

എല്ലാത്തരം സഹകരണ സംഘങ്ങളിലും എല്ലാ കാറ്റഗറിയിലുമുള്ള ജീവനക്കാരെ നിയമിക്കുന്നത് നിശ്ചിത നടപടിക്രമം പാലിച്ചുകൊണ്ടാവേണ്ടതാണ്. ഓരോതരം സംഘത്തിലെയും ജീവനക്കാരെ നിയമിക്കുന്നതിന് രജിസ്ട്രാറുടെ മുൻകൂർ അനുമതി തേടിയിരിക്കേണ്ടതാണ്. അനുമതി ലഭിക്കുന്ന തീയതി മുതൽ മാത്രം ജീവനക്കാർക്ക് വേതനം അനുവദിച്ചുനൽകുവാൻ പാടുള്ളൂ. ആയതിനാൽ സംഘത്തിൽ എത്ര ജീവനക്കാർ വേണമെന്ന് മുൻകൂട്ടി തീരുമാനിക്കേണ്ടതും ടി തസ്തികകൾക്ക് രജിസ്ട്രാറുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. ഇങ്ങനെ രജിസ്ട്രാറുടെ അംഗീകാരം ലഭിച്ച തസ്തികകളിലേക്കുമാത്രമേ നിയമനം നടത്താൻ പാടുള്ളൂ. ടി നിയമനം രജിസ്ട്രാറുടെ അംഗീകാരത്തിന് വിധേയമായിരിക്കുന്നതാണ്.

### ക്ഷാമബത്ത

31.12.2011 ൽ നിലവിലുണ്ടായിരുന്ന 94% ക്ഷാമബത്ത അടിസ്ഥാന വേതനത്തോടുകൂടി ലയിപ്പിക്കുന്നു. 01.01.2012 ൽ ബാക്കിയുള്ള 12% ക്ഷാമബത്ത സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വ്യാപാര ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് സംഘം ഭരണസമിതി സംഘങ്ങളുടെ സാമ്പത്തിക വശം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് നൽകാവുന്നതാണ്. വ്യാപാര നഷ്ടത്തിൽ ഉള്ള സംഘങ്ങളിൽ ബാക്കിയുള്ള ക്ഷാമബത്ത 12% വും തുടർന്നുള്ള ക്ഷാമബത്തയും ഗവൺമെന്റിന്റെ അനുമതി ലഭിച്ചതിനുശേഷം മാത്രം നൽകാവുന്നതുമാണ്.

### സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്

ഏതെങ്കിലും സ്കെയിലിൽ വാങ്ങുന്ന വേതനം ടി സ്കെയിലിന്റെ പരമാവധി എത്തുന്നു എങ്കിൽ തുടർന്നുവരുന്ന ഓരോ രണ്ടു വർഷവും കൂടുമ്പോൾ അവസാനം വാങ്ങിയ ഇൻക്രിമെന്റ് തുക സ്റ്റാഗ്നേഷൻ ഇൻക്രിമെന്റായി നൽകുന്നതാണ്.

വീട് വാടക അലവൻസ് അടിസ്ഥാന ശമ്പളത്തിന്റെ 8%

വിവിധ സംഘങ്ങൾക്ക് പരമാവധി വീട്ടുവാടക അലവൻസ് താഴെപ്പറയും പ്രകാരം ആയിരിക്കുന്നതാണ്.

ചകിരി/കയർ സംഘങ്ങൾ 400 രൂപ.

മാറ്റ്സ് &മാറ്റിംഗ്സ്/ ഉല്പാദകസംഘങ്ങൾ 600 രൂപ.

മറ്റ് അലവൻസുകൾ/ആനുകൂല്യങ്ങൾ

എല്ലാം ജീവനക്കാർക്കും ഒരു വർഷം പരമാവധി 1500 രൂപ മെഡിക്കൽ അലവൻസ് നൽകാവുന്നതാണ്.

കണ്ണട അലവൻസ് (ആകെ സർവ്വീസിൽ ഒരിക്കൽ) 100 രൂപ.

അവധി ശമ്പളം 30 ദിവസം.

ആർജ്ജിത അവധി 1/20 ദിവസം.

വനിതാ ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ പ്രസവാവധിക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

പേഴ്സണൽ പേ

ഈ പരിഷ്കരണം നടപ്പിലാക്കിയതിനുശേഷം ഏതെങ്കിലും സ്കെയിലിൽ ഉയർന്ന വേതനം നിലനിൽക്കുന്നു എങ്കിൽ വ്യതിയാനം വരുന്ന തുക പേഴ്സണൽ പേ ആയി കണക്കുകൂട്ടി നൽകാവുന്നതുമാണ്. ടി തുക എല്ലാ ആനുകൂല്യങ്ങൾക്കും പരിഗണിക്കേണ്ടതുമാണ്.

സംഘങ്ങളുടെ കാറ്റഗറിയും വേതന ഘടനയും

വിവിധതരം സംഘങ്ങളെ ഉൽപാദനത്തിന്റെ തോത് അനുസരിച്ച് വ്യത്യസ്ഥ കാറ്റഗറിയിൽ നിശ്ചയിച്ചിരിക്കുന്നു. ഇങ്ങനെ തിരിച്ചിട്ടുള്ള ഒരു കാറ്റഗറിയിലെ ഉൽപാദനം മൂന്ന് വർഷം തുടർച്ചയായി വർദ്ധിച്ച് ഉയർന്ന കാറ്റഗറിയിലേക്ക് (ഡി യിൽ നിന്നും സി യിലേക്കും, സി യിൽ നിന്നും ബി യിലേക്കും ബി യിൽ നിന്നും എ യിലേക്കും) നിശ്ചയിച്ചിരിക്കുന്ന നിലയിൽ എത്തുന്നു എങ്കിൽ സംഘത്തെ ഉയർന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തേണ്ടതും ജീവനക്കാർക്ക് പ്രസ്തുത കാറ്റഗറിയിലുള്ള നിരക്കിൽ വേതനം പുതുക്കി നൽകാവുന്നതുമാണ്.. ഏതെങ്കിലും സംഘത്തിന്റെ ഉൽപാദനം മൂന്ന് വർഷം തുടർച്ചയായി കുറഞ്ഞ് താഴ്ന്ന കാറ്റഗറിയിലേക്ക് (എ യിൽ നിന്നും ബി യിലേക്കും, ബിയിൽ നിന്നും സി യിലേക്കും സി യിൽ നിന്നും ഡി യിലേക്കും) കുറയുന്നു എങ്കിൽ ജീവനക്കാരുടെ വേതനവും താഴ്ന്ന കാറ്റഗറിയിൽ നിർണ്ണയിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ.